'ഭരണഭാഷ -മാതൃഭാഷ'

നമ്പർ.ജി1/1106/2013

വിദ്യാഭ്യാസ ഉപഡയറക്ടറേറ്റ്,
ഇടുക്കി, തൊടുപുഴ,

തീയതി:23.9.2014.

**സർക്കുലർ**

വിഷയം:- ഉച്ചഭക്ഷണ പരിപാടി-സ്കൂൾ കുട്ടികൾക്ക് അയൺഫോളിക് ആസിഡ് ഗുളിക വിതരണം-സംബന്ധിച്ച്.

സൂചന:- പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 16.9.14 ലെ ക്യു.ഐ.പി(2)/55975/14/ഡി.പി.ഐ നം.കത്ത്

..............................

സ്കൂൾ ഉച്ചഭക്ഷണ പരിപാടിയുടെ ഭാഗമായി 6 മുതൽ 12 വരെ ക്ലാസുകളിലെ കുട്ടികൾക്ക് അയൺ ടാബ്ലറ്റ് വിതരണം ചെയ്യുന്ന WIFS -13-ന്റെ ഭാഗമായി വിവരശേഖരണത്തിനായി ഐ.റ്റി. അറ്റ് സ്കൂൾ തയ്യാറാക്കിയ സോഫ്റ്റ് വെയർ പരിശീലനം എല്ലാ ജില്ലാ/ഉപജില്ലാ സെക്ഷൻ ക്ലാർക്കുമാർക്കും സബ്ജില്ലാതലത്തിൽ 7 എസ്.ഐ.റ്റി.സി മാർക്കും നൽകിയിട്ടുണ്ട്. ഇതിന്റെ തുടർച്ചയായി പ്രധാനാദ്ധ്യാപകർക്കും, എസ്.ഐ.റ്റി.സി മാർക്കും താഴെ കൊടുക്കുന്ന ഷെഡ്യുൾ പ്രകാരം സബ്ജില്ലാ അടിസ്ഥാനത്തിൽ പരിലശീലനം നൽകുന്നതാണ്. ടി പരിശീലന പരിപാടിയിൽ എല്ലാ യു.പി/എച്ച്.എസ്. ഹെഡ്മാസ്റ്റർമാരും, ഓരോ ഹൈസ്കൂളിലേയും എസ്.ഐ.റ്റി.സി മാരും, യു.പി. സ്കൂളിലെ ഓരോ നോഡൽ ടീച്ചർമാരും നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. ടി എസ്.ഐ.റ്റി.സി/നോഡൽ ടീച്ചർമാർ തുടർന്ന് സ്കൂളിലെ എല്ലാ അദ്ധ്യാപകർക്കും ടി സോഫ്റ്റ്വെയർ പരിശീലനം നൽകേണ്ടതാണ്. സെപ്റ്റംബർ മാസം മുതലുള്ള അയൺ ടാബ്ലറ്റ് വിതരണത്തിന്റെ വിവരങ്ങൾ ഒക്ടോബർ മാസം മുതൽ സ്കൂളുകൾ ഓൺലൈനായി ചെയ്ത് തുടങ്ങേണ്ടതാണ്. സ്കൂളുകൾക്ക് സമ്പൂർണ്ണ യൂസർ നെയിം ആൻഡ് പാസ്വേഡ് ഉപയോഗിച്ച് itschool.gov.in വെബ്സൈറ്റിൽ അയൺഫോളിക് ഗുളികകൾ ഡിസ്ട്രിബ്യൂഷൻ എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് ഡേറ്റ എൻട്രി നടത്തേണ്ടതാണ്. ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർ താഴെ പറഞ്ഞിരിക്കുന്ന ഷെഡ്യൂൾ പ്രകാരം പരിശീലന പരിപാടി ക്രമീകരിക്കേണ്ടതും എല്ലാ സ്കൂളുകാരും പങ്കെടുത്തു എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. ജില്ലാ വിദ്യാഭ്യാസ ആഫീസർമാർ അവരുടെ കീഴിലുള്ള സബ്ജില്ലകളിൽ പരിശീലന പരിപാടി നടത്തുന്നതിനുള്ള നേതൃത്വം നൽകേണ്ടതാണ്. സ്കൂൾതല വിവര ശേഖരണത്തിനായി ഇന്റർനെറ്റ് സൗകര്യം ലഭ്യമല്ലാത്ത യു.പി. സ്കൂളുകൾ ഉണ്ടെങ്കിൽ അവർക്ക് തൊട്ടടുത്ത ഹൈസ്കൂളുകളിലെ ഇന്റർനെറ്റ് സൗകര്യം ഉപയോഗപ്പെടുത്താവുന്നതാണ്.

| Name of AEO | Date | Time | Venue |
|---|---|---|---|
| Thodupuzha | 25.9.2014 | 10.30 AM<br>2.30 PM | GVHSS Thodupuzha |
| Arakulam | 25.9.2014 | 11 AM | GHSS Kudayathoor |
| Adimaly | 25.9.2014 | 10.30-12.30 -UP<br>2-4 PM -HS | BRC Adimaly |
| Peermade | 26.9.2014 | 10 AM | BRC Peermade |
| Munnar | 26.9.2014 | 11 AM | BRC Munnar |
| Kattappana | 26.9.2014 | 11 AM | SGHSS Kattappana |
| Nedumkandam | 25.9.2014 | 2 PM | PUPS Nedumkandam |

വിദ്യാഭ്യാസ ഉപഡയറക്ടർ
ഇടുക്കി.

<u>പകർപ്പ്:</u>

1. എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും
2. എല്ലാ യു.പി/എച്ച്.എസ് ഹെഡ്മാസ്റ്റർമാർക്കും
   (ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർ മുഖേന)
3. IT @ School District Coordinator

T.P/23.9